# File No.LSGD-EPB3/159/2015-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. ബി.പി. മോഹനനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2323/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2020

---

പരാമർശം:- 1 കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.07.2008-ലെ ഇ1-9438/05 നമ്പർ കത്ത്

2 പഞ്ചായത്ത് ഡയറക്ടറുടെ 31.12.2009-ലെ ഡി8-25006/11 നമ്പർ കുറ്റാരോപണ മെമ്മോ

3 പഞ്ചായത്ത് ഡയറക്ടറുടെ 22.07.2012-ലെ ഡി8-25006/11 നമ്പർ നടപടിക്രമങ്ങൾ

4 സർക്കാരിന്റെ 17.03.2014-ലെ 49388/ഇപിബി3/2012/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. ബി.പി. മോഹനൻ സമർപ്പിച്ച 01.07.2014-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 18.12.2014-ലെ ഡി9-25006/08 നമ്പർ കത്ത്

7 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 24.07.2020-ലെ A1-2/7/2020- KPSC നമ്പർ കത്ത്

## <u>ഉത്തരവ്</u>

ശ്രീ. ബി.പി. മോഹനൻ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലാർക്കായി ജോലി നോക്കി വരവേ ഗ്രാമപഞ്ചായത്തിലുണ്ടായ വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ബസ് സ്റ്റാന്റ്- ബൈപാസ് റോഡ് നിർമ്മാണ പ്രവർത്തിയുടെ ഡെപ്പോസിറ്റ് സംഖ്യ തിരിമറി നടത്തി. കരാറുകാരൻ കെട്ടിവച്ച തുക മടക്കി നൽകുന്നതിന് 31.08.2002-ൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ കാറുകാരനിൽ നിന്നും 05.02.2002-ൽ 38844-ാം നമ്പർ രസീത് പ്രകാരം ലഭിച്ച തുകയായ 13,300/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവു വച്ചെങ്കിലും ഫർദർ ഡെപ്പോസിറ്റായി ലഭിച്ച 13,300/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാതെ തിരിമറി നടത്തി.

2. 2000-ാം മാണ്ടിലെ പഞ്ചായത്ത് പൊതു തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടികയുടെ കോപ്പി എഴുതി തയ്യാറാക്കിയ വകയിൽ എഴുത്തുകൂലി ഇനത്തിൽ പഞ്ചായത്തിന് 2,743/- രൂപ ജില്ലാ കളക്ടർ അനുവദിച്ചത് പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചില്ല.

3. പഞ്ചായത്ത് റീ ഇലക്ഷനുമായി ബന്ധപ്പെട്ട് ഇരിക്കൂർ ബി.ഡി.ഒ.യിൽ നിന്നും ടിയാൻ നേരിട്ട് കൈപ്പറ്റിയ 22,179/- രൂപ പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചില്ല.

4. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച ശ്രീ. റ്റി. ജോർജ്, ശ്രീമതി. റ്റി.സി. ഇന്ദിര, ശ്രീ. ശിവപ്രസാദ്, ശ്രീമതി. മൃദുല പി. എന്നിവർക്ക് നൽകാനുള്ള ക്ഷാമബത്ത കുടിശ്ശികയായ 4,420/- രൂപ 358/02 നമ്പർ വൗച്ചർ പ്രകാരം പിൻവലിച്ചെങ്കിലും തുക ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകിയില്ല.

5. 04.02.2002-ൽ നടന്ന മാർക്കറ്റ് ലേലത്തിൽ 1,60,000/- രൂപയ്ക്ക് ശ്രീ. കെ.സി. സണ്ണി എന്നയാൾ ലേലം വിളിക്കുകയും ടി തുകയുടെ 5 % തുകയായ 8000/- രൂപ വിലയുള്ള മുദ്രക്കടലാസിൽ എഗ്രിമെന്റ് വയ്ക്കേണ്ട തുക കൈപ്പറ്റിയെങ്കിലും 500/- രൂപയുടെ മുദ്രപ്പത്രം വാങ്ങി ബാക്കി 7500/- രൂപ തിരിമറി നടത്തി.

6. വ്യാജ മസ്റ്റർ റോൾ ഉണ്ടാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്നും 8045/- രൂപ തട്ടിയെടുത്തു.

7. 12.02.2001-ലെ 371-ാം നമ്പർ വൗച്ചർ പ്രകാരം സ്റ്റോക്ക് വാങ്ങുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും എടുത്ത തുക 18 ദിവസത്തോളം അനധികൃതമായി കൈവശം വച്ചു

8. തിരുവനന്തപുരത്ത് പോകുന്നതിന് റ്റി.എ. അഡ്വാൻസ് ആയി എടുത്ത 500/- രൂപ പിന്നീട് തയ്യാറാക്കിയ റ്റി.എ. ബില്ലിൽ കുറവ് ചെയ്തില്ല.

9. 11.10.2001-ലെ 266-ാം നമ്പർ വൗച്ചർ പ്രകാരം സിറ്റിംഗ് ഫീ ഇനത്തിൽ 3224/- രൂപ പിൻവലിച്ചെങ്കിലും 2560/- രൂപ വിതരണം ചെയ്തില്ല.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ പയ്യാവൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കായ ശ്രീ. ബി. പി. മോഹനനെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ടിയാൻ 31.03.2011-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി പരാമർശം ( 3 ) പ്രകാരം തീർപ്പാക്കി സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിലേക്കായി ശുപാർശ ചെയ്യുകയുണ്ടായി. ഇക്കാര്യം പരിശോധിച്ചതിൽ പഞ്ചായത്ത് ഡയറക്ടർ നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം വസ്തുതാപരമായതിനാലും ആയത് നിലനിൽക്കുന്ന സാഹചര്യത്തിലും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും കെ.എസ്.ആർ ഭാഗം 3 ചട്ടം 59(ബി) പ്രകാരം 500/- രൂപ വീതം സ്ഥിരമായി തടയുന്നതിന് സർക്കാർ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. സർക്കാരിന്റെ കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ബി.പി. മോഹനൻ ഖണ്ഡിക തിരിച്ച് പ്രത്യേകം മറുപടി സമർപ്പിച്ചിട്ടില്ലായെന്നും ടിയാൻ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്ത കാലയളവിൽ 61,427/- രൂപ യുടെ നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടാക്കിയതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തു എങ്കിലും ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനു ശേഷം ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിട്ടുതൽ ചെയ്യുന്നതിലേക്ക് ടിയാന്റെ വ്യക്തിഗത ബാധ്യത തിട്ടപ്പെടുത്തുന്നതിനു പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ വ്യക്തിഗത ബാധ്യത 25409 രൂപയായി പുനർ നിർണയിക്കുകയും പ്രസ്തുത ബാധ്യത പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.09.2013-ലെ എ2/8689/10(1) നമ്പർ ഉത്തരവ് പ്രകാരം ടിയാന്റെ അന്ത്യോപദാനത്തിൽ നിന്ന് ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഔപചാരിക അന്വേഷണം ഉൾപ്പെടെയുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം K S R മൂന്നാം ഭാഗത്തെ ചട്ടപ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള ശുപാർശയാണ് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരുന്നത്. ശ്രീ. ബി.പി. മോഹനനിൽ നിന്നും പഞ്ചായത്തിനുണ്ടാക്കിയ നഷ്ടം വസൂലാക്കിയിട്ടുണ്ടെങ്കിലും ടിയാൻ സർവീസിലിരിക്കെ ചെയ്ത ക്രമക്കേടുകൾ നിലനിൽക്കുന്നതാണ്. ആകയാൽ ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് വരുത്താൻ സർക്കാർ താൽക്കാലിക തീരുമാനമെടുത്ത് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ബഹു. കമ്മീഷൻ പരാമർശം ( 7 ) പ്രകാരം സർക്കാരിന്റെ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കണ്ണൂർ ജില്ലയിലെ പയ്യാവൂർ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. ബി.പി. മോഹനനിൽ നിന്നും പഞ്ചായത്തിനുണ്ടാക്കിയ നഷ്ടം വസൂലാക്കിയിട്ടുണ്ടെങ്കിലും ടിയാനെതിരെയുള്ള ആരോപണങ്ങളെല്ലാം വസ്തുതാപരമായതിനാലും ആയത് നിലനിൽക്കുന്ന സാഹചര്യത്തിലും ടിയാൻ സർവീസിലിരിക്കെ

**File No.LSGD-EPB3/159/2015-LSGD**

ചെയ്ത ക്രമക്കേടുകൾ നിലനിൽക്കുന്നതാണെന്ന് കണ്ട് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് വരുത്താനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ശ്രീ. ബി.പി. മോഹനൻ, മുൻ ഹെഡ് ക്ലാർക്ക്, പയ്യാവൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/159/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature Valid

Digitally signed by SUDHEER S S
Date: 2020.12.17 12:23:28 IST
Reason: Approved

സെക്ഷൻ ഓഫീസർ